സി.എച്ച്.സി.-കളുടെ പ്രവർത്തനം

11 (676) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പി.എച്ച്.സി.-കൾ സി.എച്ച്.സി.-കളായി ഉയർത്തിയപ്പോൾ ആവശ്യമായ തസ്തിക സൃഷ്ടിക്കപ്പെടാത്തത് പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

പി.എച്ച്.സി.-കൾ സി.എച്ച്.സി.-കളായി ഉയർത്തുമ്പോൾ ആവശ്യമായ തസ്തിക സൃഷ്ടിച്ചും സൃഷ്ടിക്കാതെയും ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. പദവി ഉയർത്തപ്പെട്ട സി.എച്ച്.സി.-കളിൽ കിടത്തി ചികിത്സാ സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തുന്ന മുറയ്ക്ക് മാത്രമേ തസ്തിക സൃഷ്ടിക്കാൻ കഴിയുകയുള്ളൂ.

ആശാ വർക്കർമാരുടെ ഓണറേറിയം

12 (677) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശാ വർക്കർമാരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ആശാ വർക്കർമാരുടെ ഓണറേറിയം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത തുകയിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവുമുണ്ടോ ; അവയുടെ അനുപാതം വ്യക്തമാക്കുമോ ;

(സി) ആശാ വർക്കർമാർക്ക് ഓണറേറിയത്തിനുപുറമേ മറ്റെന്തെങ്കിലും ആനുകൂല്യം ലഭിക്കുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ആശാ വർക്കർമാരുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആറു മൊഡ്യൂളുകളുടെ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ അതത് സമയത്തെ ആനുകാലിക പ്രസക്തി അനുസരിച്ചുള്ള പരിശീലനങ്ങളും നൽകുന്നുണ്ട്. എല്ലാ ആഴ്ചയിലും സബ്സെന്റർ തലത്തിലും, എല്ലാ മാസത്തിലും പി.എച്ച്.സി.തലത്തിലും റിവ്യൂ മീറ്റിംഗുകളും സംഘടിപ്പിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly